# കരുതുന്ന ദൈവം

## മത്തായി 15:32

**"എന്നാൽ യേശു തന്റെ ശിഷ്യന്മാരെ അടുക്കെ വിളിച്ചു, ഈ പുരുഷാരം ഇപ്പോൾ മൂന്നു നാളായി എന്നോട് കൂടെ പാർക്കുന്നു. അവർക്കു ഭക്ഷിപ്പാൻ ഒന്നും ഇല്ലായ്ക കൊണ്ട് അവരെക്കുറിച്ചു എനിക്കു മനസ്സലിവു തോന്നുന്നു അവരെ പട്ടിണിയായി വിട്ടയപ്പാൻ മനസ്സുമില്ല. അവർ വഴിയിൽ വെച്ചു തളർന്നു പോയേക്കും എന്നു പറഞ്ഞു."**

നമുക്കെല്ലാം വളരെ സുപരിചിതമായ ഒരു വേദഭാഗമാണ് നാം മേൽ വായിച്ചത്. തന്നോടൊപ്പം കൂടിയിരുന്ന ജനസമൂഹത്തെ നന്നായി അറിയുന്ന ഒരു കർത്താവിനെയാണ് നാം ഇവിടെ കണ്ടു മുട്ടുന്നത്. മൂന്നു ദിവസമായി കർത്താവിനോടൊപ്പം വചനം കേട്ടു കൊണ്ടിരുന്ന ജനക്കൂട്ടം, പിരിഞ്ഞു പോകാറായപ്പോൾ അവരോട് മനസ്സലിവു തോന്നി അവർക്കു വേണ്ടുന്നത് നൽകി, കരുതുന്ന ഒരു കർത്താവിനെയാണ് നാം കാണുന്നത്. അവരുടെ കൈയ്യിൽ ഉണ്ടായിരുന്ന അഞ്ചപ്പത്തെയും കുറെ ചെറു മീനിനെയും വാഴ്ത്തി അനുഗ്രഹിച്ചു അവർക്ക് തൃപ്തിയാവോളം നൽകിയ ദൈവത്തെയാണ് നാം ഇവിടെ പരിചയപ്പെടുന്നത്.

ഇന്ന് നമ്മുടെ ജീവിതത്തിലും ദൈവം ഇതു പോലെ തന്നെയാണ് പലപ്പോഴും ഇടപെട്ടിട്ടുള്ളതും, ഇടപെട്ടുകൊണ്ടിരിക്കുന്നതും. ദൈവത്തോടൊപ്പം ചേർന്നു നടക്കുന്ന ഒരു വ്യക്തിയുടെ ഇന്നലെകളെയും, ഇന്നിനെയും, നാളെയും അവൻ നന്നായി അറിയുന്നു എന്നത് ഒരു ദൈവപൈതലിന്റെ ആശ്വാസമാകണം. ഇന്നത്തെ നമ്മുടെ ജീവിതവും, നാളെ നാം എന്തായി തീരും എന്നും അറിവുള്ളവൻ ഒരുവൻ മാത്രമേ ഉള്ളൂ. ആ ദൈവത്തെയാണ് നാം അബ്ബാ പിതാവേ എന്നു വിളിക്കുന്നത്. അവൻ സകലവും അറിയുന്നു എന്നത് നമ്മുടെ ആശ്വാസമാണ്.

പുരുഷാരത്തെ ഭക്ഷണം നൽകാതെ വിട്ടയയ്ക്കാൻ മനസ്സില്ലാത്ത ഒരു കർത്താവിനെയാണ് നാം ഇവിടെ കാണുന്നത്. അവ്വണ്ണം വിട്ടയച്ചാൽ അവർ വഴിയിൽ തളർന്നു വീണു പോകും എന്നു കൂടി അവൻ മുന്നമേ നിരൂപിച്ചു. ഇതേ മനോഭാവം തന്നെയല്ലേ ഈ ദൈവത്തിന് ഇന്നും നമ്മോടുള്ളത്. ആ കരുതലിന്റെ കരങ്ങളാണ് നമ്മെ ഇന്നായിരിക്കുന്ന സാഹചര്യങ്ങളിൽ വഴിനടത്തുന്നത്. നാം അത് തിരിച്ചറിഞ്ഞാലും ഇല്ലെങ്കിലും അവന്റെ മനസ്സലിവും കരുണയും ഇന്നും നമ്മെ നശിച്ചുപോകാതെ നിലനിർത്തുന്നു. ദൈവത്തിന്റെ ഈ ഒരു കരുതുന്ന മനസ്സാണ് നാം പലപ്പോഴും കാണാതെ പോകുന്നത്. എന്നെ കരുതുവാനുള്ള പദ്ധതി അവന്റെ ഹൃദയത്തിൽ മുന്നമേ അവൻ കരുതിയിട്ടുണ്ട്. പക്ഷെ നമുക്ക് പലപ്പോഴും അത് കാണാൻ കഴിയുന്നില്ല.

പുരുഷാരത്തിന്റെ ഇപ്പോഴത്തെ അവസ്ഥയും, കുറച്ചു കഴിഞ്ഞാൽ അവർ വഴിയിൽ വീണു പോയേക്കും എന്നും അവന് നന്നായി അറിയാമായിരുന്നു. ഇതു പോലെ തന്നെ എന്റെ ജീവിതത്തിന്റെ നാളെയും അറിയുന്ന ഒരു ദൈവസ്നേഹം നാം തിരിച്ചറിയാതെ പോകരുത്. അതു കൊണ്ട് നാം നാളെയെ ചൊല്ലി ആകുലപ്പെടരുത്. പുരുഷാരത്തിന് വേണ്ടുന്നത് സമൃദ്ധിയായി നൽകിയ ദൈവം, ഞാൻ വഴിയിൽ വീണു പോകാതിരിപ്പാൻ എനിക്കു വേണ്ടുന്നതും തരുമെന്ന് ഉറയ്ക്കാൻ കഴിയണം.

അതുകൊണ്ട് നാളത്തെ ഒരു കാര്യങ്ങളെ ചൊല്ലിയും നമ്മൾ ഭാരപ്പെടരുത്. എന്റെ ഇന്നലെകളിൽ എന്നെ വഴിനടത്തിയ, ഇന്നും നടത്തിക്കൊണ്ടിരിക്കുന്ന എന്റെ ദൈവം, എന്നെ നാളെയും അത്ഭുതമായി നടത്തും എന്നു നാം വിശ്വസിക്കണം. ഓരോന്നിന്നും അതിന്റെ ആഹാരം കൊടുക്കാൻ കഴിവുള്ളവൻ എന്നെയും കരുതാൻ വിശ്വസ്തൻ എന്ന് നാം ഹൃദയത്തിൽ ഉറയ്ക്കണം. അതിന്നായി ദൈവത്തിന്റെ അതിപരിശുദ്ധറൂഹാ നമ്മെ സഹായിക്കുമാറാകട്ടെ.

പരാമർശം:
ലൂക്കോസ് 7:13

അവളെ കണ്ടിട്ട് കർത്താവ് മനസ്സലിഞ്ഞു അവളോട് കരയേണ്ട എന്നു പറഞ്ഞു.

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 078